കുറിപ്പുകൾ


●

നാസ്വിഹ്

# ബംഗ്ലാദേശിലെ രാഷ്ട്രീയ സംഘർഷം

**അക്രമരാഷ്ട്രീയവും** രാഷ്ട്രീയ അസ്ഥിരതയും കാരണം പലപ്പോഴും വാർത്തകളിൽ ഇടം പിടിക്കാറുള്ള ബംഗ്ലാദേശ് ഒരിക്കൽകൂടി ആ പതിവ് ആവർത്തിച്ചിരിക്കുന്നു. ദിവസങ്ങളോളം നീണ്ട ബന്ദും സമരവും തെരുവു യുദ്ധവും ഏറക്കുറെ കെട്ടടങ്ങിയിട്ടുണ്ടെങ്കിലും രാജ്യത്ത് ഇപ്പോൾ അടിയന്തരാവസ്ഥയാണ്. ഭരണകക്ഷിയെ താഴെയിറക്കാൻ പ്രതിപക്ഷ പാർട്ടികൾ തെരുവുയുദ്ധത്തെ ആശ്രയിക്കുന്നത് ബംഗ്ലാദേശിൽ പുതുമയുള്ള കാര്യമല്ല. പക്ഷേ, ഇത്തവണ ഭരണമുന്നണി കാലാവധി പൂർത്തിയാക്കി അധികാരമൊഴിയുകയും തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെടുകയും ചെയ്തപ്പോഴാണ് പ്രതിപക്ഷ മുന്നണി കോലാഹലവുമായി രംഗത്തിറങ്ങിയിരിക്കുന്നത്.

കഴിഞ്ഞ ഒക്ടോബർ 28-നാണ് ഖാലിദ സിയ നയിക്കുന്ന ബംഗ്ലാദേശ് നാഷ്നലിസ്റ്റ് പാർട്ടി(ബി.എൻ.പി)യുടെ നേതൃത്വത്തിലുള്ള ഭരണമുന്നണി അധികാരമൊഴിഞ്ഞത്. തുടർന്ന് തെരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കേണ്ട ഇടക്കാല സർക്കാർ നിലവിൽവന്നു. ഒരു ഗവൺമെന്റ് അധികാരമൊഴിഞ്ഞാൽ ഇടക്കാല സർക്കാർ അധികാരമേറ്റെടുത്ത് തൊണ്ണൂറു ദിവസത്തിനുള്ളിൽ പൊതുതെരഞ്ഞെടുപ്പ് നടത്തണമെന്ന് ബംഗ്ലാദേശിന്റെ ഭരണഘടന അനുശാസിക്കുന്നുണ്ട്. ഏറ്റവും ഒടുവിൽ വിരമിച്ച സുപ്രീം കോടതി ചീഫ് ജസ്റ്റിസാണ് മുഖ്യ ഉപദേഷ്ടാവിന്റെ പദവിയിലിരുന്ന് ഇടക്കാല സർക്കാറിനെ നയിക്കേണ്ടത്. പ്രധാനമന്ത്രിയുടേതിനു സമാനമായ പദവിയാണ് മുഖ്യ ഉപദേഷ്ടാവിന്റേത്. മുൻ ചീഫ് ജസ്റ്റിസ് കെ.എം ഹസൻ ബി.എൻ.പി പക്ഷപാതിയാണെന്ന് പ്രതിപക്ഷ പാർട്ടിയായ അവാമി ലീഗ് ആരോപിച്ചതിനെ തുടർന്ന് അദ്ദേഹം മുഖ്യ ഉപദേഷ്ടാവാകാൻ തയാറായില്ല. അതിനാൽ പ്രസിഡന്റ് ഇയാസുദ്ദീൻ അഹ്മദ് മുഖ്യ ഉപദേഷ്ടാവിന്റെ ചുമതല കൂടി ഏറ്റെടുത്തു. മുൻ പട്ടാള ഭരണാധികാരി ജനറൽ ഇർശാദിന്റെ ജാതീയ പാർട്ടിയുടെ പിന്തുണ



*മുത്വീഉർറഹ്മാൻ നിസാമി*

ലഭിക്കുമെന്ന് ഈ സമയത്ത് അവാമി ലീഗ് പ്രതീക്ഷിച്ചിരുന്നു. അതിനാൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് ഡിസംബർ 26-ന് പാർട്ടി പ്രഖ്യാപിച്ചു. അതിനിടെ ജാതീയ പാർട്ടി ബി.എൻ.പി പക്ഷത്തേക്ക് ചായ്‌വ് പ്രകടിപ്പിക്കുകയും പുതിയ കേസുകൾ കാരണം ഇർശാദിനെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് കോടതി തടയുകയും ചെയ്തു. അതോടെ മുൻ നിലപാടിൽനിന്ന് കരണം മറിഞ്ഞ് അവാമി ലീഗ് തെരഞ്ഞെടുപ്പിനെതിരെ രംഗത്തിറങ്ങി. തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുമെന്നും തടയുമെന്നും ജനുവരി 3-ന് പാർട്ടി പ്രഖ്യാപിച്ചു. ഡിസംബർ 26-നും ജനുവരി 3-നുമിടയിൽ തെരഞ്ഞെടുപ്പു പ്രക്രിയ സംബന്ധമായി കാര്യമായ ഒന്നും നടന്നിരുന്നില്ല. പരാജയ ഭീതിയാണ് അവാമി ലീഗിനെ തെരുവിലിറക്കിയതെന്ന് വ്യക്തമാണ്.

ഇലക്ഷൻ കമീഷനെയും ജുഡീഷ്യറിയെയും സിവിൽ സർവീസിനെയും ബി.എൻ.പി രാഷ്ട്രീയവത്കരിച്ചതിനാൽ സ്വതന്ത്ര തെരഞ്ഞെടുപ്പിന് പറ്റിയ സാഹചര്യമില്ലെന്നായിരുന്നു അവാമി ലീഗിന്റെ ആരോപണം. പ്രസിഡന്റ് ബി.എൻ.പിയുടെ പാവയാണെന്ന് കുറ്റപ്പെടുത്തിയ പാർട്ടി ഇടക്കാല സർക്കാർ ചുമതലയേറ്റത് ഭരണഘടനക്ക് നിരക്കാത്ത രീതിയിലാണെന്നും പ്രസിഡന്റ് മുഖ്യ ഉപദേഷ്ടാവ് പദം ഒഴിയണമെന്നും ആവശ്യപ്പെട്ടു. തെരഞ്ഞെടുപ്പ് മാറ്റിവെക്കണമെന്ന് ആവശ്യപ്പെട്ട് അവാമി ലീഗ് മൂന്നു ദിവസം ബന്ദ് നടത്തി. പാർട്ടി പ്രവർത്തകർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭരണമുന്നണിക്കാർക്കെതിരെ അക്രമമഴിച്ചുവിട്ടു. പൊതു മുതൽ നശിപ്പിച്ചു. 45 പേർ കൊല്ലപ്പെട്ടു. വിശ്വസനീയമായ തെരഞ്ഞെടുപ്പിനുള്ള സാഹചര്യമില്ലാത്തതിനാൽ തെരഞ്ഞെടുപ്പ് നിരീക്ഷണ ദൗത്യം പിൻവലിക്കുകയാണെന്ന് യൂറോപ്യൻ യൂനിയനും ഐക്യ രാഷ്ട്ര സഭയും പ്രഖ്യാപിക്കുക കൂടി ചെയ്തതോടെ പ്രതിസന്ധി രൂക്ഷമായി. തുടർന്ന് ജനുവരി 11-ന് പ്രസിഡന്റ് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും കർഫ്യൂ ഏർപ്പെടുത്തുകയും ചെയ്തു. മുഖ്യ ഉപദേഷ്ടാവിന്റെ പദവി രാജിവെച്ച അദ്ദേഹം ജനുവരി 22-ന് നടത്താൻ നിശ്ചയിച്ചിരുന്ന തെരഞ്ഞെടുപ്പ് മാറ്റിവെക്കുകയും ചെയ്തു. ജനുവരി 12-ന് ബംഗ്ലാദേശ് ബാങ്ക് മുൻ ഗവർണർ ഫഖ്റുദ്ദീൻ അഹ്മദിനെ പുതിയ മുഖ്യ ഉപദേഷ്ടാവായി നിയമിച്ചു. എല്ലാ കക്ഷികളുടെയും വിശ്വാസമാർജിച്ച് തെരഞ്ഞെടുപ്പ് നടത്താൻ ശ്രമിക്കുകയാണ് ഫഖ്റുദ്ദീൻ അഹ്മദ്. കർഫ്യൂ പിൻവലിച്ചിട്ടുണ്ട്.

ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി ബി.എൻ.പി മുന്നണിയിലാണ്. അധികാരമൊഴിഞ്ഞ സർക്കാറിൽ ജമാഅത്ത് നേതാക്കളായ മുത്വീഉർറഹ്മാൻ നിസാമിയും അലി അഹ്സൻ മുജാഹിദും ക്യാബിനറ്റ് മന്ത്രിമാരായിരുന്നു. ജമാഅത്തിന്റെ സുതാര്യവും ശുദ്ധവുമായ രാഷ്ട്രീയവും പ്രായോഗിക സമീപനവും പ്രകീർത്തിക്കപ്പെടുകയുണ്ടായി. ഭരണം ജമാഅത്തിന്റെ സ്വാധീനം വർധിപ്പിച്ചെന്നും അടുത്ത തെരഞ്ഞെടുപ്പിൽ കൂടുതൽ നേട്ടമുണ്ടാക്കുമെന്നുമാണ് വിലയിരുത്തൽ. ബംഗ്ലാദേശ് രൂപീകരണത്തെ പിന്തുണക്കാത്തതിന്റെ പേരിൽ ജമാഅത്തിനെ നി

രോധിക്കുകയും ധാരാളം പ്രവർത്തകരെ അറസ്റ്റ് ചെയ്യുകയും പ്രഥമ അമീർ ഗുലാം അഅ്സമിന്റെ പൗരത്വം റദ്ദാക്കുകയും ചെയ്തിരുന്നു. 1977-ൽ സിയാഉർറഹ്മാന്റെ ഭരണകാലത്താണ് ജമാഅത്തിന് പ്രവർത്തന സ്വാതന്ത്ര്യം തിരിച്ചുകിട്ടിയത്. ഗുലാം അഅ്സമിന്റെ പൗരത്വം തിരിച്ചുനൽകി സുപ്രീംകോടതി വിധി പുറപ്പെടുവിക്കുകയും ചെയ്തു. ആ സാഹചര്യം പിന്നിട്ടാണ് ഭരണത്തിൽ പങ്കാളിത്തം വഹിക്കുന്ന അവസ്ഥയിലേക്ക് ജമാഅത്ത് എത്തിച്ചേർന്നതെന്നത് ശ്രദ്ധേയമാണ്. ജമാഅത്ത് സ്വീകരിച്ച പ്രായോഗിക നയനിലപാടുകളാണ് ഇതിന് സഹായകമായത്. മുസ്‌ലിം സംഘടനകൾ പൊതുവെ ഇപ്പോൾ ബി.എൻ.പി മുന്നണിക്ക് അനുകൂലമാണ്. അവാമി ലീഗിനെ ഇത് അലട്ടിക്കൊണ്ടിരിക്കുന്നു. ബി.എൻ.പി മുന്നണി അധികാരത്തിലേറിയതു മുതൽ ഇതിനെതിരെ സ്വദേശത്തും വിദേശത്തുമുള്ള മതവിരുദ്ധരുടെ പിന്തുണ നേടാനാണ് അവാമി ലീഗ് ശ്രമിച്ചുവന്നത്. ബി.എൻ.പി ഭരണത്തിനു കീഴിൽ ബംഗ്ലാദേശിൽ ഭീകരത ശക്തിയാർജിക്കുകയാണെന്നായിരുന്നു അവാമി ലീഗ് പ്രചരിപ്പിച്ചത്. ജാഗ്രത മുസ്‌ലിം ജനത ബംഗ്ലാദേശ്, ജമാഅത്തുൽ മുജാഹിദീൻ ബംഗ്ലാദേശ് തുടങ്ങിയവ ഭീകരസംഘടനകളാണെന്നും ഭരണത്തണലിൽ ഇവ ഭീകരപ്രവർത്തനങ്ങൾ അഴിച്ചുവിടുകയാണെന്നും പാർട്ടി ആരോപിച്ചു. 2005 ആഗസ്റ്റിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായ സ്ഫോടനങ്ങൾ നടക്കുകയുണ്ടായി. താരതമ്യേന ചെറിയ സ്ഫോടനങ്ങളായതിനാൽ ആളപായം കുറവായിരുന്നുവെങ്കിലും അതിനു പിന്നിലെ ആസൂത്രണം വ്യക്തമായിരുന്നു. സർക്കാറിനെതിരെ ജനവികാരമുയർത്താൻ പ്രതിപക്ഷം നടത്തിയ നികൃഷ്ടമായ തന്ത്രമാണിതെന്നായിരുന്നു ഗവൺമെന്റിന്റെ നിലപാട്. ബംഗ്ലാദേശിലെ രാഷ്ട്രീയ സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത്തരം സാധ്യതകൾ തള്ളിക്കളയാനാവില്ല. 2005 ഡിസംബറിൽ ചാവേർ ബോംബാക്രമണവും നടന്നു. ദ്രുതകർമ സേനയുടെ സഹായത്തോടെ ഭരണകൂടം കുഴപ്പക്കാരെ അടിച്ചമർത്താൻ തുടങ്ങിയ ശേഷമാണ് ഇത്തരം അക്രമസംഭവങ്ങൾക്ക് അറുതിയായത്. കുഴപ്പങ്ങൾ അടിച്ചമർത്തുന്നതിനു മുമ്പ് ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെയും രാഷ്ട്രീയ ലക്ഷ്യം വെച്ചുള്ള ഒറ്റപ്പെട്ട ആക്രമണങ്ങൾ നടന്നിരുന്നു. ഇവ ഉയർത്തിപ്പിടിച്ച് ബി.എൻ.പി ഭരണത്തിൽ ഹിന്ദു, ബുദ്ധ, ക്രൈസ്തവ ന്യൂനപക്ഷങ്ങൾ വംശഹത്യക്ക് ഇരയാക്കപ്പെടുകയാണെന്ന് അവാമി ലീഗ് മുറവിളി കൂട്ടിയപ്പോൾ അതിനു പിന്നിലെ രാഷ്ട്രീയവും വസ്തുതകളും കാണാ



*ബീഗം ഖാലിദാ സിയ*



*ശൈഖ് ഹസീനാ വാജിദ്*

തെ അത് ഏറ്റുപിടിക്കുകയാണ് നമ്മുടെ നാട്ടിലേതടക്കമുള്ള പല മാധ്യമങ്ങളും ചെയ്തത്. ഇടക്കിടെ രാഷ്ട്രീയ അക്രമങ്ങൾ നടക്കാറുണ്ടെങ്കിലും മതമൈത്രി നിലനിൽക്കുന്ന രാജ്യമാണ് ബംഗ്ലാദേശ്. ജുഡീഷ്യറിയുടെയും സൈന്യത്തിന്റെയും സിവിൽ സർവീസിന്റെയും ഉന്നത തലങ്ങളിൽ ന്യൂനപക്ഷ വിഭാഗക്കാരുണ്ട്. ഭരണമൊഴിഞ്ഞ മന്ത്രിസഭയിലെ രണ്ട് അംഗങ്ങൾ ന്യൂനപക്ഷ വിഭാഗക്കാരായിരുന്നു. ഹൈന്ദവ ആരാധനാലയങ്ങൾക്ക് സർക്കാർ സഹായം നൽകിവരുന്നുമുണ്ട്. അടുത്ത കാലത്തൊന്നും ഒരു വർഗീയ കലാപം പോലും റിപ്പോർട്ട് ചെയ്യപ്പെടാത്ത രാജ്യമാണ് ബംഗ്ലാദേശെന്നതും ശ്രദ്ധേയമാണ്. ബംഗ്ലാദേശിൽ 'രാഷ്ട്രീയ ഇസ്‌ലാം' എന്നു പറഞ്ഞ് ഭീതി പരത്താൻ ശ്രമിക്കുന്നവർ ഇത്തരം വസ്തുതകൾക്കു നേരെ കണ്ണടക്കുകയാണ്.

അവാമി ലീഗ് നേതാവ് ശൈഖ് ഹസീനാ വാജിദും ബി.എൻ.പി നേതാവ് ബീഗം ഖാലിദാ സിയയും തമ്മിലുള്ള വ്യക്തിവൈരാഗ്യമാണ് ഇരു പാർട്ടികളും തമ്മിലുള്ള തർക്കത്തിന്റെ അടിസ്ഥാന കാരണം. ഇരുവരും തമ്മിൽ മിണ്ടിയിട്ട് പത്തു വർഷത്തോളമായെന്നാണ് വാർത്ത. ഇരു പാർട്ടികളുടെയും നയപരിപാടികൾ തമ്മിൽ കാര്യമായ വ്യത്യാസമൊന്നുമില്ല. ബംഗ്ലാദേശിന്റെ രൂപീകരണത്തിനു കാരണം ജനകീയ പ്രക്ഷോഭമോ സൈന്യമോ, സ്വാതന്ത്ര്യം പ്രഖ്യാപിച്ചത് ശൈഖ് മുജീബുർറഹ്മാനോ ജനറൽ സിയാഉർറഹ്മാനോ തുടങ്ങിയവയാണ് ഇരു പാർട്ടികൾക്കുമിടയിലെ അടിസ്ഥാന തർക്ക വിഷയങ്ങൾ. മതവിരുദ്ധരടക്കമുള്ള മധ്യവർഗ വിഭാഗങ്ങൾ അവാമി ലീഗിനെ പിന്തുണക്കുമ്പോൾ പാരമ്പര്യ മുസ്‌ലിംകൾ പൊതുവെ ബി.എൻ.പിയോടാണ് ചായ്‌വ് പുലർത്തുന്നത്. നിസ്സാര വിഷയങ്ങളുടെ പേരിൽ ജനങ്ങളെ തെരുവിലിറക്കലാണ് രണ്ടു കക്ഷികളും സ്വീകരിച്ച പ്രധാന രാഷ്ട്രീയ പ്രവർത്തനം. സ്വദേശത്തും വിദേശത്തും അംഗീകരിക്കപ്പെട്ട 1991-ലെയും 2001-ലെയും തെരഞ്ഞെടുപ്പ് ഫലങ്ങളെ തള്ളിക്കളയാൻ ഹസീനാ വാജിദിന് യാതൊരു മടിയുമുണ്ടായില്ല. 1991-ൽ ബി.എൻ.പി അധികാരത്തിലേറിയപ്പോൾ ഖാലിദയെ ഒരു ദിവസം പോലും സമാധാനത്തോടെ ഭരിക്കാൻ അനുവദിക്കില്ലെന്ന് ഹസീന പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി. ആ വാക്ക് പാലിക്കാൻ അവർ പരാമവധി ശ്രമിക്കുകയും ചെയ്തു. അവാമി ലീഗ് ഭരിച്ചപ്പോൾ പ്രതിപക്ഷത്തായിരുന്ന ബി.എൻ.പിയുടെ പ്രകടനവും ഏറക്കുറെ ഇങ്ങനെത്തന്നെയായിരുന്നു. ഇരു പാർട്ടികൾക്കും വിജയപ്രതീക്ഷയില്ലെങ്കിൽ ഇരു വിഭാഗത്തിന്റെയും അംഗീകാരത്തോടെ തെരഞ്ഞെടുപ്പ് നടക്കുകയില്ലെന്ന് ചില നിരീക്ഷകർ അഭിപ്രായപ്പെടുന്നു.

കഴിയുംവേഗം സ്വതന്ത്ര ഇലക്ഷൻ നടത്തി ജനങ്ങൾ തെരഞ്ഞെടുക്കുന്ന സർക്കാറിന് അധികാരം കൈമാറുമെന്ന് ഇടക്കാല ഗവൺമെന്റിന്റെ മുഖ്യ ഉപദേഷ്ടാവ് ഫഖ്റുദ്ദീൻ അഹ്മദ് പ്രഖ്യാപിച്ചിട്ടുണ്ട്. പുതിയ വോട്ടർ പട്ടിക തയാറാക്കുമെന്നും സുതാര്യ ബാലറ്റ് പെട്ടികൾ ഉപയോഗിക്കുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ട്. അവാമി ലീഗിന്റെ ആവശ്യങ്ങളാണിവ. ബി.എൻ.പി പക്ഷപാതിയെന്ന് അവാമി ലീഗ് ആരോപിച്ച ഇലക്ഷൻ കമീഷണർ രാജിവെച്ചിട്ടുമുണ്ട്. ഇതോടെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാമെന്ന നിലപാടിലെത്തിയിട്ടുണ്ട് അവാമി ലീഗ്. പുതിയ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ മാസങ്ങൾ വേണ്ടിവരും. ഫഖ്റുദ്ദീൻ അഹ്മദിന്റെ ശ്രമങ്ങൾ പരാജയപ്പെടുകയാണെങ്കിൽ ബംഗ്ലാദേശ് പട്ടാളഭരണത്തിലേക്ക് വഴുതിവീഴാനുള്ള സാധ്യത ഏറെയാണ്.

■